**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **07-12-2022 - ൽ മറുപടിയ്ക്ക്**

**ക്ഷീരകർഷകർക്ക് നൽകുന്ന ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വേനൽക്കാലത്ത് പാലുല്പാദനം കുറയുന്നതിനാൽ ഒരു ലിറ്റർ പാലിന് സൊസൈറ്റികൾ ക്ഷീരകർഷകർക്ക് നൽകുന്ന ഇൻസെന്റീവ് എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) | മേഖലാ യൂണിയനുകൾ ക്ഷീരസംഘങ്ങൾക്ക് കാലാകാലങ്ങളിൽ അധിക പാൽ വില നൽകി വരാറുണ്ട്. ഇത് മേഖലാ യൂണിയനുകളുടെ പ്രവർത്തന ലാഭത്തിൽ നിന്നാണ് നൽകി വരുന്നത്.<br><br>തിരുവനന്തപുരം മേഖലാ സഹകരണ യൂണിയൻ ഓണക്കാലത്ത് കർഷകർക്ക് ലിറ്ററിന് 1/- രൂപ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. നവംബർ മാസം മുൻ മാസത്തേക്കാൾ സംഘം അധികം നൽകുന്ന ഓരോ ലിറ്റർ പാലിന് 5/- രൂപ ഇൻസെന്റീവ് നൽകിയിട്ടുണ്ട്. 2022 ആഗസ്റ്റ് 11 മുതൽ 31 വരെ മലബാർ മേഖലാ യൂണിയന് ക്ഷീരസംഘങ്ങളിൽ നിന്ന് ലഭിച്ച പാലിന് 2/- രൂപ പ്രകാരവും 2022 സെപ്റ്റംബർ 1 മുതൽ 10 വരെ ലഭിച്ച പാലിന് ലിറ്ററിന് 2 രൂപ 50 പൈസ പ്രകാരവും ക്ഷീരസംഘങ്ങൾ മുഖാന്തിരം ക്ഷീരകർഷകർക്ക് അധിക പാൽ വില നൽകിയിട്ടുണ്ട്.<br><br>ഇത് കൂടാതെ കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ് മൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒരു പരിധി വരെ പരിഹരിക്കുന്നതിനാണ് വകുപ്പും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നത്. വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകി കൊണ്ടിരിക്കുന്നു. |
| (ബി) | മിൽമ പാലിന്റെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ പ്രസ്തുത ഇൻസെന്റീവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | മേഖലാ യൂണിയനുകളുടെ പ്രവർത്തനമിച്ചത്തിൽ നിന്നും അതത് സമയങ്ങൾക്കനുസരിച്ച് ഭരണസമിതി തീരുമാനപ്രകാരം നിശ്ചിത തുക ക്ഷീരകർഷകർക്ക് അധിക പാൽ വിലയായി നൽകി വരുന്നുണ്ട്.<br><br>കാലിത്തീറ്റയുടെ അമിത വിലവർദ്ധനവ് മൂലം കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒരു പരിധി വരെ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനാണ് വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മിൽക്ക് ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കി വരുന്നത്. വകുപ്പ് ഇതിനോടകം 23.44 കോടി രൂപ വിതരണം ചെയ്തു കഴിഞ്ഞു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം കർഷകർക്ക് നൽകി കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ